സംഘവും പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് ഗവൺമെൻറ് കൊടുത്തിട്ടുള്ള പണം ഈടാക്കേണ്ടതായി വരും. അത് ഈടാക്കുന്നതിനു നടപടിക്രമം ഉണ്ട്. ഇങ്ങനെയുള്ള കാര്യങ്ങളിൽ കൊടുക്കുന്ന അവസരത്തിൽ സ്വാഭാവികമായും ഈടാക്കുവാനുള്ള നടപടി ക്രമം സ്വീകരിക്കും. ആ വസ്തുത വിസ്മരിക്കുന്നില്ല. ലാൻറ് റവന്യൂ ആക്ടറ് അനുസരിച്ചാണ് ഇതിൻമേൽ നടപടി സ്വീകരിക്കേണ്ടത്. ഗവൺമെൻറ് ഇതു സംബന്ധിച്ച് വിശദമായ അന്വേഷണങ്ങളും പഠനങ്ങളും നടത്തണം. ഡിസ്ട്രിക്ടറ് കളക്ടറർ defunct society-യുടെ സ്ഥാനത്ത് മറെറാരു സൊസൈറെറി ഉണ്ടാക്കുന്നത് നന്നായിരിക്കും എന്നു പറഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുകയുണ്ടായി, ഈ സൊസൈറെറിയെ സസ്പെൻറ് ചെയ്തിട്ട് പകരം ഇൻഡിവിജ്വൽ സൊസൈറെറി ആക്കണം എന്ന്. അങ്ങനെ ഇൻഡിവിജ്വലായി പതിച്ചു കൊടുത്താൽ ബുദ്ധിമുട്ട് ഉണ്ട്. അവിടെനിന്നും മരങ്ങളും മറെറും വെട്ടി മുറിച്ചിട്ടുണ്ട്. അതിൻെറ വിശദാംശങ്ങളിലേക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല. ഇപ്പോൾ എനിക്ക് സർവ്വോദയ മണ്ഡലം കമ്മിറെറിയോട് അഭ്യർത്ഥിക്കുവാനുള്ളത് സമഗ്രമായ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിക്കൊണ്ടിരിക്കുമ്പോൾ പ്രത്യക്ഷത്തിൽ കുടിയാൻ-ജൻമിബന്ധം ഇല്ലെങ്കിലും പരോക്ഷമായി ബന്ധമുണ്ടെന്നു തോന്നിപ്പിക്കത്തക്ക രീതിയിൽ യാതൊരു വ്യവസ്ഥയുമില്ലാതെ ഭൂമി കൈവശം വച്ചു കൊണ്ടിരിക്കുന്നത് തെറെറാണ്, ഇത് പാവപ്പെട്ടവർക്ക് പതിച്ചുകൊടുക്കേണ്ടതാണ് എന്നാണ്. സങ്കീർണ്ണമായ ഒരു പ്രശ്നമാണിത്. നിയമത്തിൽ ഭേദഗതി വരുത്തണമെങ്കിലും വളരെ കാലതാമസം ഉണ്ടാകും. എന്തായാലും കർഷകർ വർഷങ്ങളായി താമസിച്ചുകൊണ്ടിരിക്കുന്ന ഭൂമി പതിച്ചു കൊടുക്കുവാനുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കുന്നതായിരിക്കും.

IV. നിയമനിർമ്മാണകാര്യം

(1) റിപ്പോർട്ട് സമർപ്പിക്കൽ

1977-ലെ കേരളാ പബ്ലിക്ക് ലൈബ്രറീസ് ബില്ലിനെപ്പററിയുള്ള സെലക്ടറ് കമ്മിറെറി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 1979 മാർച്ച് 12-ാം തീയതി വരെ ദീർഘിപ്പിക്കൽ.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ):

1977-ലെ കേരള പബ്ലിക്ക് ലൈബ്രറീസ് ബില്ലിനെപ്പററിയുള്ള സെലക്ടറ് കമ്മിറെറി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 1979 മാർച്ച് 12-ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Mr. Deputy Speaker: The motion is adopted and the leave is granted.

Minister for Education (**Shri C. H. Mohammed Koya**): Sir, I present the report of the Select Committee on the Kerala Public Libraries Bill 1977.

Mr. Deputy Speaker: The report is presented.

LIBRARY ARCHIVES Kerala Legislative Assembly